**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2930** **07-10-2025 - ൽ മറുപടിയ്ക്ക്**

**മണിമല മുക്കടയിലെ സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ട മണിമല മുക്കടയിലെ സാംസ്കാരിക കേന്ദ്രത്തിന്റെ പണി പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന മണിമല മുക്കട ഗ്രാമത്തിലെ സാംസ്കാരിക നിലയം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കോർപ്പസ് ഫണ്ടിൽ വെച്ച് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് 2024-25 വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച മേൽ നടപടി എന്താണ്; എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാനാകും; വ്യക്തമാക്കാമോ; | (ബി) | 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ആയത് 2024-25 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 03.07.2025 തീയതിയിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കുന്നതിനും സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി ഉപയോഗസജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (സി) | കോർപ്പസ് ഫണ്ട് 2024-25 വർഷത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് പുറമേയുള്ള വർക്കുകൾ ജില്ലാ തല പട്ടികജാതി പട്ടിക വർഗ്ഗവികസന സമിതി അംഗീകാരം നൽകുന്ന മുറയ്ക്ക് 2025-26 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ